(സി) മറ്റു വകുപ്പുകളിൽ തസ്തികമാറ്റം വഴിയുള്ള നിയമനം ഡിപ്പാർട്ട്മെന്റൽ 'കാറ്റാ' എന്ന് പ്രസിദ്ധപ്പെടുത്തി നടത്തുന്നതുപോലെ മോട്ടോർ വാഹന വകുപ്പിലും പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യതകളുടെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നടത്തുന്നത്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് സംവരണ മാനദണ്ഡങ്ങൾ ബാധകമാക്കിയിട്ടില്ല.

(സി) അപ്രകാരമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

മോട്ടോർ വാഹന വകുപ്പിലെ ഫാസ്റ്റ് ട്രാക്ക് സംവിധാനം

240 (4029) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ ആർ.ടി.ഓഫീസുകളിലും സബ് ആർ.ടി ഓഫീസുകളിലുമായി തീർപ്പാക്കുവാനുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട് ;

(ബി) ഫാസ്റ്റ് ട്രാക്ക് സംവിധാനം ആരംഭിക്കുന്നതിന് മുമ്പ്, അപേക്ഷകൾ തീർപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണ് ;

(സി) പ്രസ്തുത സംവിധാനം ആരംഭിക്കുന്നതിനുമുമ്പ് ജീവനക്കാരുടെ സംഘടനകളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സംഘടനകളുമായാണ് ചർച്ച നടത്തിയത് ;

(ഡി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട് ; നിലവിലെ സാഹചര്യത്തിൽ നിന്നും എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(ഇ) തപാൽ സംവിധാനം മാറ്റുന്നതിന് എന്താണ് കാരണം ; അവ മാറ്റുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ?

ഉത്തരം

(എ) അപേക്ഷകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഉണ്ട്, ലഭിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ആഫീസുകൾക്കും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഫാസ്റ്റ് ട്രാക്ക് സംവിധാനം ആരംഭിക്കുന്നതിന് മുമ്പായി തന്നെ കരട് സർക്കുലർ എല്ലാ ആഫീസുകളിലും അയച്ച് അഭിപ്രായം ആരാഞ്ഞിരുന്നു. കൂടാതെ ഗതാഗത മന്ത്രി അദ്ധ്യക്ഷത വഹിച്ച ആർ. ടി. ഒ. മാരുടേയും ജോയിന്റ് ആർ. ടി. ഒ. മാരുടേയും സമ്മേളനത്തിൽ ഇത് സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ ആഫീസുകളിലും ഫാസ്റ്റ് ട്രാക്കിനു വേണ്ടി പ്രത്യേക കൗണ്ടർ തുറക്കുകയും ഓരോ പ്രിന്റർ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സാഹചര്യങ്ങളിൽ നിന്ന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

(ഇ) തപാൽ സംവിധാനത്തിന് പുറമേ ഫാസ്റ്റ് ട്രാക്ക് കൗണ്ടറിൽ നേരിട്ട് വരുന്ന അപേക്ഷകർക്ക് 30 മിനിട്ടിനുള്ളിൽ നടപടി സ്വീകരിച്ച് സേവനം അപേക്ഷകന് നേരിട്ട് നൽകുന്നു. ഫാസ്റ്റ് ട്രാക്ക് കൗണ്ടറിലൂടെ അല്ലാതെയുള്ള സേവനങ്ങൾ തപാലിലൂടെ തന്നെ അയച്ചുവരുന്നു.

സ്പീഡ് ട്രാഫിക് റഡാറുകളും റഡാർ സർവെയലൻസ് സംവിധാനങ്ങളും ഏർപ്പെടുത്താൻ നടപടി

241 (4030) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സ്പീഡ് ട്രാഫിക് റഡാറുകളും റഡാർ സർവെയലൻസ് സംവിധാനങ്ങളും എല്ലാ ജില്ലകളിലും സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരുന്നുവോ ;

(ബി) പ്രസ്തുത സംവിധാനങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിക്കണമെന്ന നിർദ്ദേശം എന്നാണ് കൈക്കൊണ്ടത് ;

(സി) പ്രസ്തുത സംവിധാനം എല്ലാ ജില്ലകളിലും സ്ഥാപിക്കാൻ സമയ ബന്ധിതമായ ഒരു പദ്ധതി തയ്യാറാക്കിയിരുന്നുവോ ;

(ഡി) എങ്കിൽ, ഈ പദ്ധതി എല്ലാ ജില്ലകളിലും എന്നു, മുതൽ പൂർണ്ണമായും നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത് ;

(ഇ) ഇതുവരെ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ഈ സംവിധാനം നടപ്പിലാക്കി കഴിഞ്ഞത് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത സംവിധാനം മറ്റ് ജില്ലകളിൽ എന്നു മുതൽ പൂർണ്ണമായും നടപ്പാക്കാനാകും എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly